## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 96 — 05/03/2020 ൽ മറുപടിക്ക്

### കടൽത്തീരത്തു നിന്നും പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ടി.ജെ. വിനോദ്<br>,, വി.എസ്.ശിവകുമാർ<br>ശ്രീമതി. ഷാനിമോൾ ഉസ്മാൻ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | പ്ലാസ്റ്റിക് മാലിന്യമടിഞ്ഞ് കടലിന്റെ സ്ഥിതി ദയനീയമായ അവസ്ഥയിലാണെന്നും കടലിന്റെ ജൈവ സമ്പത്തിനെ നശിപ്പിക്കുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്തെ കടൽത്തീരത്തു നിന്നും പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. കടലിനെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ്, സംസ്ഥാന ശുചിത്വ മിഷൻ, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നെറ്റ് ഫിഷ്, സംസ്ഥാനത്തെ ഫിഷിംഗ് ബോട്ട് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ എന്നിവരുടെ സഹകരണത്തോടെ ആവിഷ്കരിച്ച "ശുചിത്വ സാഗരം പദ്ധതി" കൊല്ലത്ത് നീണ്ടകര മത്സ്യബന്ധന തുറമുഖത്തിൽ നടപ്പിലാക്കി വരുന്നു. |
| (സി) | കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ കീഴിൽ ദേശീയ കടലോര ശുചീകരണ യജ്ഞമെന്ന പേരിലുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പിലാ ക്കുന്നുണ്ടോ; ഇതിലൂടെ കഴിഞ്ഞ വർഷം എത്ര കിലോ പ്ലാസ്റ്റിക് മാലിന്യമാണ് നീക്കം ചെയ്തത്; | (സി) | കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ പദ്ധതിയൊന്നും ഫിഷറീസ് വകുപ്പ് നടപ്പാക്കുന്നില്ല. എന്നാൽ ശുചിത്വ സാഗരം പദ്ധതി മുഖാന്തിരം 52000 കിലോ ഗ്രാം പ്ലാസ്റ്റിക് മാലിന്യം കടലിൽ നിന്നും ശേഖരിച്ചിട്ടുണ്ട്. ഇതിൽ 22,748 കിലോ ഗ്രാം പ്ലാസ്റ്റിക് ചെറു കണികകളാക്കി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ തീരദേശ റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുണ്ട്. ബാക്കി പ്ലാസ്റ്റിക് കൂടി ഇത്തരത്തിൽ ഉപയോഗിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | കടൽ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും അതിലൂടെ ജൈവസമ്പത്തിനെ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾക്ക് കൂടുതൽ പരിഗണന നൽകുമോയെന്ന് അറിയിക്കാമോ? | (ഡി) | കടൽ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും അതിലൂടെ ജൈവസമ്പത്തിനെ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ പുതിയാപ്പ ഹാർബർ ആസ്ഥാനമാക്കി കടൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും അവ റീസൈക്കിൾ ചെയ്ത് റോഡ് നിർമ്മാണത്തിന് ഉപയുക്തമാക്കുന്നതിനുമുള്ള 175 ലക്ഷം രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി ലോകബാങ്കിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ, അഴീക്കൽ, മുനമ്പം ഹാർബറുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ